# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-15/1099/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 06/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി-15/1099/2022 തീയ്യതി: 06/07/2022

## പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2019 മുതൽ 03-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ശശിഭൂഷൻ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 12-04-2022 | 25-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-04-2022 | 25-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷർഫുദ്ദീൻ എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഉഷാകുമാരി.വി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജിജീഷ്.എ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രഞ്ജിത്ത്.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. പി.പ്രീത | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 29-12-2020 |
| ശ്രീ.എ.സതീഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ഗിരീഷ് ചന്ദ്രൻ.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ശശികുമാർ.എം.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. സുമ.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. അംബിക.കെ.വി | ഹെഡ് മിസ്ട്രസ് | 01-04-2020 | 16-06-2020 |
| ഡോ.ഷിജിൻ കെ.ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. എം.ഗുരുസ്വാമി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.സത്യഭാമ.കെ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.പ്രസാദ്.ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.റമീസ്.പി.മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 15-06-2020 |
| ശ്രീമതി.ബീന.എം.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 16-06-2020 | 13-01-2021 |
| ശ്രീമതി.രാധിക.പി.എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-01-2021 | 31-03-2021 |
| ശ്രീമതി.സരണ്യ.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജൂമിത.യു.ജി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി. അംബിക.കെ.വി | ഹെഡ് മിസ്ട്രസ് | 01-04-2020 | 16-06-2020 |

| | | | |
|---|---|---|---|
| ശ്രീമതി. ഗിരിജ | എൽ.പി.എസ്.എ (ഹെഡ് മിസ്ട്രസ് ഇൻ-ചാർജ്ജ്) | 17-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ranjith. R (Auditor, On 26-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ranjith. R (Auditor, On 26-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Ranjith. R (Auditor, On 26-04-2022)<br>Last Updated By: Ranjith. R (Auditor, On 26-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ranjith. R (Auditor, On 26-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 28-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 28-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 28-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 25-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Ranjith. R (Auditor, On 26-04-2022)<br>Last Updated By: Ranjith. R (Auditor, On 26-04-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 26-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 26-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-10 |
| 12 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും നികുതി നിരക്കുകൾ നിശ്ചയിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നില്ല<br>Written By: Ranjith. R (Auditor, On 26-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-11 |
| 13 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ നഷ്ടം<br>Written By: Ranjith. R (Auditor, On 26-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-12 |
| 14 | വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Ranjith. R (Auditor, On 26-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-13 |
| 15 | സിനിമാ തീയേറ്ററുകളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-14 |

| | | |
|---|---|---|
| | Written By: Ranjith. R (Auditor, On 26-04-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022) | |
| 16 | ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ അനുബന്ധ മുറികൾക്ക് തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു<br>Written By: Ranjith. R (Auditor, On 26-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-15 |
| 17 | ഇ ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്ത് തിരികെ ലഭിച്ചിട്ടില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 28-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-16 |
| 18 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 28-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-17 |
| 19 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 28-04-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 07-05-2022) | 1-18 |
| 20 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 28-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-19 |
| 21 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - തനത് ഫണ്ടിന് അധിക ബാധ്യത ആകാതിരിക്കുന്നതിന് നടപടി സ്വീകരിക്കണം.<br>Written By: V.T. Ushakumari (Asst. Audit Officer, On 26-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-20 |
| 22 | സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഫിഷറീസ് മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: Jijeesh (Senior Grade Auditor, On 27-04-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022) | 1-21 |
| 23 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 27-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 1-22 |
| 24 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് നടത്തിയില്ല.<br>Written By: Jijeesh (Senior Grade Auditor, On 27-04-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022) | 1-23 |
| 25 | ലൈഫ് മിഷൻ- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 27-04-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022) | 1-24 |
| 26 | ശുചിമുറി റിപ്പയർ- തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 27-04-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022) | 1-25 |
| 27 | മൃഗ സംരക്ഷണമേഖലയിൽ പദ്ധതികൾ നടപ്പിലാകുന്നില്ല<br>Written By: Jijeesh (Senior Grade Auditor, On 27-04-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 28-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 3-1 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-05-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 26-04-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 06-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രിക- സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 23.03.2020 -ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 8650000 |
| തൻവർഷം വരവ് | 163636549 |
| ആകെ വരവ് | 172286550 |
| ചെലവ് | 162417250 |
| നീക്കിയിരിപ്പ് | 9869300 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-07-2021 | 30-04-2021 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കുകൾ പ്രകാരം വാട്ടർ ചാർജസ് ഇനത്തിൽ തൻവർഷ കുടിശ്ശിക 6,29,295 രൂപയും മുൻവർഷ കുടിശ്ശിക 23,20,011 രൂപയുമുൾപ്പെടെ ആകെ 29,49,306 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകൾ സംക്ഷിപ്തമായി രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്തിട്ടുള്ളത്. അതിനാൽ വാർഷിക കണക്കുകളിലെ കൃത്യത പരിശോധിക്കുന്നതിനും തുകകളുടെ ആധികാരികത ഉറപ്പാക്കുന്നതിനും സാധിക്കുന്നില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം വസ്തുനികുതി ഇനത്തിൽ ആകെ കുടിശ്ശികയുള്ളത് 1,24,148/- രൂപയാണ്. എന്നാൽ ഷെഡ്യൂൾ ബി 15 (എ) യിൽ സംശയാസ്പദ കുടിശ്ശികയ്ക്ക് 5,14,168/- രൂപ പ്രൊവിഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

4. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 11/19.04.22-ന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

*വെള്ളക്കരം ഡിമാന്റ് കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതും ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻവർഷ നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്തി ക്രമീകരിച്ച് കാലഹരണപ്പെട്ട തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കേണ്ടതും സംശയാസ്പദ കുടിശ്ശിക തുകകൾക്ക് നിയമപരമായി മാത്രം പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതുമാണ്.*

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9324382 |
| വരവ് | 94919535 |
| ആകെ | 104243917 |
| ചെലവ് | 92410692 |
| നീക്കിയിരിപ്പ് | 11833225 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 7978580 | 7978580 | 7978580 | 0 |
| വികസനഫണ്ട് - എസ്.സി.പി (**) | 0 | 14843196 | 14843196 | 14696193 | 147003 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 15095000 | 15095000 | 14410086 | 684914 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3456681 | 3456681 | 3456681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | 0 | 9596931 | 9596931 | 6974987 | 2621944 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-പെർഫോർമൻസ് ഗ്രാന്റ് | | 4430000 | 4430000 | 4359868 | 70132 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 2148420രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 395804രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

1. കേന്ദ്രാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1135507 | 943708 | 2079215 | 1492240 | 586975 |
| TSC | 744000 | 0 | 744000 | 0 | 744000 |
| പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് | 187586 | 2165031 | 2352617 | 757000 | 1595617 |
| സമ്പൂർണ്ണ ശുചിത്വം-MCF Building | 1200000 | 0 | 1200000 | 842103 | 357897 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്- | 378155 | 6634510 | 7012665 | 5968325 | 1044340 |

| | | | | | |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| എം.എൻ.ആർ. ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 29775862 | 29775862 | 29775862 | 0 |
| ആകെ | 378155 | 36410372 | 36788527 | 35744187 | 1044340 |

3.സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് | 300000 | 900000 | 1200000 | 1200000 | 0 |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 1333333 | 1333333 | 0 | 1333333 |
| ലൈഫ്-അഡീഷണൽ ഫണ്ട് | 0 | 120000 | 120000 | 0 | 120000 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 96798564 | 176 | 68794479 | 0 | 13 | 81.48 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 81.48% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 71.07% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 16243004 | 8855102 | 54.51 |
| വെറ്ററിനറി സർജ്ജൻ | 0 | 0 | 0 | 0 | 0 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 690000 | 612146 | 88.72 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 2 | 2 | 600000 | 600000 | 100 |
| വി.ഇ.ഒ | 16 | 11 | 16798075 | 8911202 | 53.05 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 6246980 | 4629131 | 74.1 |
| സെക്രട്ടറി | 38 | 28 | 8766221 | 6932520 | 79.08 |
| അസി.സെക്രട്ടറി | 8 | 6 | 6232700 | 5535303 | 88.81 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 119 | 106 | 37261358 | 30541784 | 81.97 |
| എച്ച്.എം | 8 | 3 | 1653226 | 977291 | 59.11 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 1200000 | 1200000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 1107000 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 216 | 176 | 96798564 | 68794479 | 71.07 |

അതാത് സാമ്പത്തിക വർഷം തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 378155 | 6634510 | 7012665 | 5968325 | 1044340 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളി കളുടെ വേതനം | 0 | 29775862 | 29775862 | 29775862 | 0 |
| ആകെ | 378155 | 36410372 | 36788527 | 35744187 | 1044340 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 42120 | 61 * |
| 2 | കർഷക തൊഴിലാളി പെൻഷൻ | 7448800 | 474 |
| 3 | വിധവാ പെൻഷൻ | 15352100 | 1044 |
| 4 | വാർദ്ധക്യകാല പെൻഷൻ | 22826600 | 1665 |
| 5 | വികലാംഗ പെൻഷൻ | 4261400 | 289 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1708300 | 117 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 450000 | 15 |

*കുടിശ്ശിക തുക വിതരണം ചെയ്തത്.

## 1-8 ക്യാഷ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.04.2022 -ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 20210/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കോട്ടായി ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴികെയുള്ള കാര്യങ്ങളിൽ വാർഷിക കണക്കിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഭാഗം.1 ൽ

ഖണ്ഡിക 1-2-1 ആയി ചേർത്തിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. .

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്‌വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ് വെക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് വസ്തു നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക്, സെക്രട്ടറിക്ക് ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന മുറയ്ക്ക് നികുതി ഡിമാന്റ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. 2020-21 ൽ മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. ക്യാമ്പ് കളക്ഷനും ഫീൽഡ് കളക്ഷനും നടത്തി നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. 2020-21 ൽ വസ്തു നികുതിയുടെ 100% പിരിച്ചെടുത്തിട്ടുണ്ടേ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക്

എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗയശൂന്യമാകുന്ന വസ്തുവകകൾ കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

2020-21 വർഷം സൃഷ്ടിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ അപ്പോൾ തന്നെ കാലികമാക്കണം. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് Software (സകർമ) ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്ക മാറേണ്ടതുണ്ട്. ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2020-21 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹ 3523993/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് (RAR) | 17.03.2022 | 01-02-2022 മുതൽ 28-02-2022 വരെ | 16.4.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-09-2006 മുതൽ 23-09-2006 വരെ | 1997-98 മുതൽ 2005-06 വരെ | 2-11-2006 |

## 1-11 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും നികുതി നിരക്കുകൾ നിശ്ചയിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ (എസ്.ആർ.ഒ നം. 36/2011) പ്രകാരം ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ (എസ്.ആർ.ഒ നമ്പർ 100/2015), 08.09.2020-ലെ സ.ഉ(അ)നം.53/2020/ തസ്വഭവ (എസ്.ആർ.ഒ നമ്പർ 575/2020) എന്നിവ പ്രകാരം ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

കോട്ടായി ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 3 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 4 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

ഓഡിറ്റ് അന്വേഷണം നം.2/11.04.22-ന് മേൽ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളൊന്നും നിലവിലില്ലെന്നും എന്നാൽ പിന്നീട് ആരംഭിക്കാനുള്ള സാധ്യത കണക്കിലെടുത്ത് വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-12 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതിനാൽ നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറൻറുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറൻറുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം ഉണ്ടാവുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | നികുതി പ്രാബല്യം | പ്രതിവർഷ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 7/385 | ചന്ദ്രകല.പി, ഹെർബോ കെയർ, പൊടി കുളങ്ങര | 275.04 | 275.04x40= 11001.6<br>ഇളവ്- 20%<br>വർദ്ധനവ്- ഇല്ല<br>BT- 8802<br>LC- 441<br>Total- 9243 | 275.04x60= 16502.4<br>ഇളവ്- 20%<br>വർദ്ധനവ്- ഇല്ല<br>BT- 13202<br>LC- 661<br>Total- 13863 | 2013-14 മുതൽ | 4620 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 12/647 | രാധാകൃഷ്ണൻ, മുത്തുലക്ഷ്മി നിലയം, കല്ലോട്, പുളിനെല്ലി | 108.54 | 108.54x40 =4341.6 ഇളവ്- ഇല്ല വർദ്ധനവ്- 20% BT- 5210 LC- 261 Total- 5471 | 108.54x60 =6512.4 ഇളവ്- ഇല്ല വർദ്ധനവ്- 20% BT- 7816 LC- 391 Total- 8207 | 2018-19 മുതൽ | 2736 |

നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതൽ നഷ്ടം സംഭവിക്കുന്നുണ്ട്.

ഓഡിറ്റ് അന്വേഷണം നം. 03/11.04.2022-ന് വസ്തുനികുതി പരിഷ്കരിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

27.04.2015-ലെ സ.ഉ(എം.എസ്)നം.144/2015/തസ്വഭവ പ്രകാരം വസ്തുനികുതി വർദ്ധനവ് 100 ശതമാനമായി പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് കാണുന്നു. നികുതി വർദ്ധനവ് പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ നഷ്ടം ഉണ്ടാവുന്നില്ലെങ്കിലും വസ്തുതാപരമായ പിഴവ് ഡാറ്റാ ബേസിൽ തുടരുന്നു.

1. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ)/ തരം | ARV പ്രകാരമുണ്ടായിരുന്ന നികുതി | നിലവിലെ വസ്തുനികുതി |
|---|---|---|---|---|---|
| 1 | 1/83 | അലി കെ ടി S/O ഏന്തു, കള്ളിയത്തൊടി, കള്ളാടിപൊറ്റ | 471.2 ഷോപ്പ് | 131 | 262 |
| 2 | 3/582 | രാമദാസ്, കണകുളങ്ങര, കോട്ടായി | 139.43 ഷോപ്പ് | 864 | 1728 |
| 3 | 10/64 | പ്രസിഡൻറ്, വ്യാപാരി വ്യവസായി ഏകോപന സമിതി, കോട്ടായി | 153 ഷോപ്പ് | 1724 | 3448 |
| 4 | 12/99 | എം.വി.കൃഷ്ണൻ, മേലേവീട്, മുന്നിരുത്തിക്കാട്, കോട്ടായി | 104.4 ഗോ ഡൌൺ | 31 | 62 |
| 5 | 12/207 | മണികണ്ഠൻ. എം.കെ മുതൽപ്പേർ, മുല്ലരിതൊടി ഹൌസ്, കരിയാംകോട് | 180 ഷോപ്പ് | 140 | 280 |

2. വസ്തുനികുതി വർദ്ധനവ് 100 ശതമാനമായി പരിമിതപ്പെടുത്തിയ 200 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ)/തരം | ARV പ്രകാരമുണ്ടായിരുന്ന നികുതി | നിലവിലെ വസ്തുനികുതി |
|---|---|---|---|---|---|
| 1 | 10/448 | സെക്രട്ടറി സർവ്വീസ് കോ ഓപ്പറേറ്റീവ്, കോട്ടായി | 241.17 ഷോപ്പിംഗ് മാളുകൾ | 260 | 520 |

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.5/12.04.2022-ന് ഡാറ്റാ പ്യൂരിഫിക്കേഷൻ സാധ്യമാവുന്ന സമയത്ത് വസ്തുതാപരമായ പിഴവുകൾ തിരുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-14 സിനിമാ തീയേറ്ററുകളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

കോട്ടായി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിലവിൽ 2 സിനിമാ തീയേറ്ററുകളാണ് പ്രവർത്തിച്ചുവരുന്നത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയേറ്ററിന്റെ പേര് | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | വസ്തുനികുതി |
|---|---|---|---|---|
| 1 | കെ.ആർ.വി മൂവീസ് | 3/514 | 598.25 | 14358 |
| 2 | ആവിഷ്കാർ | 10/301 | 858.39 | 28327 |

1. കെ.ആർ.വി മൂവീസിൽ 2 സ്ക്രീനുകളിലും ആവിഷ്കാർ സിനിമാസിൽ 2 സ്ക്രീനുകളിലും സിനിമ പ്രദർശിപ്പിച്ചുവരുന്നുണ്ട്. എന്നാൽ സ്ക്രീനുകൾക്ക് പ്രത്യേക നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

2. കെ.ആർ.വി മൂവീസ് കേന്ദ്രീകൃത എയർ കണ്ടിഷനിംഗ് സംവിധാനമുള്ള തീയേറ്റർ ആയിരുന്നിട്ടും വസ്തുനികുതിയിൽ നിയമാനുസൃത വർദ്ധനവ് വരുത്തിയിട്ടില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 12/19-04-2022-ന് മറുപടിയായി പ്രത്യേക സ്ക്രീനുകൾക്ക് പ്രത്യേക നമ്പർ അനുവദിക്കുന്നതിനും വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-15 ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ അനുബന്ധ മുറികൾക്ക് തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, വങ്കാരത്ത് ടവേഴ്സ്, പാലാരിവട്ടം, കൊച്ചി എന്ന സ്ഥാപനം 08-09-2020-ന് സമർപ്പിച്ച KER/ACQ/LADIII/I-1366574 നമ്പർ കംപ്ലീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള

വോഡാഫോൺ മൊബൈൽ ടവറിന്റെ അനുബന്ധ മുറികളായി നിർമ്മാണം പൂർത്തീകരിച്ച 5 കെട്ടിടങ്ങൾക്ക് താഴെ പറയുന്ന പ്രകാരം വസ്തുനികുതി നിർണ്ണയിച്ച് നൽകിയിരിക്കുന്നു. (ഫയൽ നം: എ7-3398/20 തീയതി 14-09-2020 ).

| ക്രമ നം. | കെട്ടിടത്തിന് അനുവദിച്ച നം. | വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന്റെ ഉപയോഗം |
|---|---|---|---|
| 1 | 10/742 | 15.39 | ഗാർഡ് റൂം |
| 2 | 10/743 | 37.12 | ഡി.ജി. പ്ലാറ്റ്ഫോം |
| 3 | 10/744 | 49.04 | ഷെൽറ്റർ റൂം 1 |
| 4 | 10/745 | 48.64 | ഷെൽറ്റർ റൂം 2 |
| 5 | 10/746 | 27.5 | മീറ്റർ റൂം |

കംപ്ലീഷൻ റിപ്പോർട്ടിൽ ടെലഫോൺ ടവർ എന്ന് രേഖപ്പെടുത്തിയിട്ടും ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ എന്ന ഉപയോഗക്രമം രേഖപ്പെടുത്തിയാണ് മേൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതര വ്യവസായങ്ങൾക്കാവശ്യമുള്ള കെട്ടിടങ്ങൾക്ക് 50 രൂപയും മൊബൈൽ ടെലഫോൺ ടവറുകൾക്ക് 500 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിർണ്ണയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്.

ഡി.ജി. പ്ലാറ്റ്ഫോം, ഷെൽറ്റർ മുറികൾ, മീറ്റർ റൂം എന്നിവ മൊബൈൽ ടവറിന്റെ തന്നെ ഭാഗമായതിനാൽ അവയ്ക്ക് ടെലഫോൺ ടവറുകൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് വസ്തുനികുതി ചുമത്തേണ്ടത്.

ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി കുറവായി നികുതി നിർണ്ണയിച്ചതിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/19.04.2022- ന് മൊബൈൽ ടവർ അനുബന്ധ മുറികൾക്കും ടെലഫോൺ ടവറുകൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം ലഭിച്ചത് 26-02-2022 തീയതിയിലാണെന്നും (സർക്കുലർ നം. ആർ.ഡി3/94/2020/തസ്വഭവ) ആയതിനാൽ 2022-23 സാമ്പത്തിക വർഷം പ്രാബല്യത്തിൽ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

വസ്തുനികുതി പുനർനിർണ്ണയിച്ച് ഫോറം 6 ഹാജരാക്കേണ്ടതാണ്.

## 1-16 ഇ ടെണ്ടർ ഫീസിനത്തിലെ തുക ഗ്രാമപഞ്ചായത്ത് തിരികെ ലഭിച്ചിട്ടില്ല

ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കോട്ടായി ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനീയറുടെ പേരിൽ കോട്ടായി SBI-ൽ ആരംഭിച്ചിട്ടുള്ള 00000037232460289 എന്ന അക്കൗണ്ട് നമ്പരിൽ ആണ് ഇ-ടെണ്ടർ ഫീസ് നിലവിൽ ക്രഡിറ്റ് ചെയ്യുന്നത്. 31.03.2022 വരെ ആകെ 144693രൂപയാണ് പ്രസ്തുത ഇനത്തിൽ തൻവർഷത്തെ വരവ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് പ്രസ്തുത തുക ട്രാൻസ്ഫർ ചെയ്തിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (21/26.04.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഇ ടെണ്ടർ ടെണ്ടർ ഫോം വില അടിയന്തിരമായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ

ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽ പറഞ്ഞ അക്കൗണ്ടിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്, കേന്ദ്രവിഷ്കൃത ഫണ്ട് എന്നിവയിൽ കരാറുകാരന് നൽകുന്ന ബില്ലിൽ നിന്നും കുറവു ചെയ്ത നികുതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കിയെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തികവർഷത്തിൽ അസി. എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ281 രൂപ ഈടാക്കേണ്ടിതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 5578 രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ ചെയ്തിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

1) 162/21, എം.സി.എഫ് കെട്ടിട നിർമ്മാണം (Spill Over 222/1 9, 194/20)

അടങ്കൽ - ₹1320000 (പ്ലാൻ ഫണ്ട്- ജനറൽ-120000, കേന്ദ്രാവിഷ്കൃതം-1200000)

ചെലവ് - ₹952539 (110436-ട്രഷറി ബിൽ നം.44/18-08-2020, 842103-വൗച്ചർ നം.22000861/22.12.20)

PAC- ₹952627

കരാറുകാരൻ - ശ്രീ. രവീന്ദ്രൻ.ടി.കെ

എഗ്രിമെന്റ് നം.: 46/2019-20/AE/LSGD/KTY/5-11-2019

അളവു പുസ്തകം നം.- 109/19-20, 132/19-20

പൂർത്തീകരണ കാലാവധി - 5.5.20

പൂർത്തീകരിച്ച തിയതി- 29.6.20

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹9526 (1% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹9526

2) 77/21, മുല്ലരിത്തൊടി റോഡ് മെയിന്റനൻസ്

അടങ്കൽ - ₹300000 (MG-Road)

ചെലവ് - ₹267590 (ട്രഷറി ബിൽ നം.26/23-02-2021)

PAC- ₹267165

കരാറുകാരൻ - ശ്രീ. സുരേഷ് എം.ബി

എഗ്രിമെന്റ് നം.: 28/2020-21/AE/LSGD/KTY/7-7-20

അളവു പുസ്തകം നം.- 140/19-20

പൂർത്തീകരണ കാലാവധി - 7.1.21

പൂർത്തീകരിച്ച തിയതി- 21.07.21

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹2672 (1% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹2672

3) 163/21, പൊട്ടൻകുളങ്ങര റോഡ് ഫോർമേഷൻ ആന്റ് സൈഡ് പ്രൊട്ടക്ഷൻ

അടങ്കൽ - ₹600000 (MG-Road)

ചെലവ് - ₹599944 (ട്രഷറി ബിൽ നം.26/23-02-2021)

PAC- ₹ 599944

കരാറുകാരൻ - ശ്രീ. സുരേഷ് എം.ബി

എഗ്രിമെന്റ് നം.: 45/2019-20/AE/LSGD/KTY/5-11-19

അളവു പുസ്തകം നം.- 129/19-20

പൂർത്തീകരണ കാലാവധി - 5.5.20

പൂർത്തീകരിച്ച തിയതി- 30.05.20

ഈടാക്കിയ പിഴ-0

ഈടാക്കേണ്ടിയിരുന്നത്- ₹5999 (1% Of PAC)

ആകെ ഈടാക്കേണ്ട തുക- ₹5999

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.19/25.04.2022)ക്ക് മറുപടിയായി ഫയൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആകയാൽ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക 18197 (9526+2672+5999) രൂപ ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-19 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികൾ

2020-21 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 119 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 106 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 38 പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 68 പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹ 37261358 വകയിരുത്തിയതിൽ ₹ 30541784 ആണ് ചെലവഴിച്ചിട്ടുള്ളത്. തൻവർഷത്തെ ആകെ ചെലവ് 81.97% ആണ്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ | ചെലവഴിച്ച |
|---|---|---|

| | തുക | തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1008640 | 791487 |
| വികസന ഫണ്ട് (എസ്.സി.പി) | 5694850 | 5016469 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6968920 | 6874976 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1200000 | 842103 |
| മെയി.ഫണ്ട്(റോഡ്) | 18005100 | 14410086 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 3438848 | 2606663 |
| മറ്റുള്ളവ | 945000 | 0 |
| ആകെ | 37261358 | 30541784 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തീയതി, ടെണ്ടർ സ്വീകരിച്ച ആളുടെ ഒപ്പ്, ടെണ്ടർ തുക, ഭരണ സമിതി തീരുമാനം നം./തിയതി എന്നിവ എഴുതുന്നില്ല.

4. മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല.

5. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിക്കുമ്പോൾ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.

6. ഇ-ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരുടെ നിരക്കുകളുടെ താരതമ്യ പട്ടിക ഫയലിൽ സൂക്ഷിക്കുന്നില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം. 20/25.04.2022) ക്ക് മറുപടി ലഭ്യമാക്കിയില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-20 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - തനത് ഫണ്ടിന് അധിക ബാധ്യത ആകാതിരിക്കുന്നതിന് നടപടി സ്വീകരിക്കണം.

| ക്രമ നം. | പദ്ധതി | ഗാർഹിക കണക്ഷൻ | ഗാർഹികേതര കണക്ഷൻ | ആകെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | മുട്ടിക്കടവ് കുടിവെള്ള പദ്ധതി | 1100 | 180 | 1280 |
| 2 | പുളിനെല്ലി ചേവ- ചെറുകുണ്ട് | 145 | 5 | 150 |
| 3 | പരിക്കഞ്ചേരി കുടിവെള്ള പദ്ധതി | 100 | 0 | 100 |
| 4 | കണ്ടത്താർ കാവ് കുടിവെള്ള പദ്ധതി | 100 | 10 | 110 |
| 5 | അടവക്കാട്ട് പറമ്പ് കുടിവെള്ള പദ്ധതി | 90 | 15 | 105 |
| 6 | കുന്നംചാത്തൻ പറമ്പ് കുടിവെള്ള പദ്ധതി | 210 | 23 | 233 |
| | | 1745 | 233 | 1978 |

2020-21 വാർഷികകണക്കുകൾ പ്രകാരം കുടിവെള്ള പദ്ധതികളുടെ വരവ്-ചെലവുകൾ താഴെ പറയും പ്രകാരമാണ്.

ചെലവ്

| ഇനം | തുക |
|---|---|
| കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് | 1361025 |
| റിപ്പയേഴ്സ് & മെയിന്റനൻസ് (പദ്ധതി ചെലവ്) | 1677428 |
| പമ്പ് ഓപ്പറേറ്റർമാർക്കുള്ള വേതനം | 353150 |
| ആകെ | 3391603 |

വരവ്

| | |
|---|---|
| തൻവർഷ വെള്ളക്കരം | 369105 |
| വെള്ളക്കരം കുടിശ്ശിക വരവ് | 137170 |
| ആകെ | 506275 |

ലഭ്യമായ രേഖകൾ പ്രകാരം, ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികളിൽ നിന്ന് 1978 കണക്ഷൻ നൽകിയിട്ടുണ്ട്. 2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം 31-03-2021 വരെ വെള്ളക്കരം ഇനത്തിൽ 2949306 രൂപ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കേണ്ടതുണ്ട്. തനത് ഫണ്ട് കുറവുള്ള കോട്ടായി ഗ്രാമ പഞ്ചായത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1.സർക്കാർഉത്തരവ്(സാ.)നം.1275/2009/ത.സ്വ.ഭ.വ തീയതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് നടപ്പാക്കേണ്ടതാണ്. ആയതിനാൽ

പഞ്ചായത്തിന്റെ ബാധ്യതയായി മാറിയിരിയ്ക്കുന്ന കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് . മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. ഓരോ കുടിവെള്ളപദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ വെള്ളക്കരത്തിന്റെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക കണക്കാക്കി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് ഏൽപ്പിക്കുന്നതുവരെ വെള്ളക്കരമായി ഈടാക്കുന്ന തുക കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അധികബാധ്യത ഒഴിവാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പരമാവധി കുടുംബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ (എം.എസ്)നം.11/2018/തസ്വഭവ തിയതി 29-01-2018, ജി.ഒ (എം.എസ്)നം.22/2018/തസ്വഭവ തിയതി 14.02.2018 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കാവുന്നതാണ്. ജൽജീവൻ മിഷൻ നടപ്പിലാവുന്നതിന്റെ മുന്നോടിയായി കുടിവെള്ള പദ്ധതികളുടെ ആസ്തി ബാധ്യതകൾ, ഓരോ പദ്ധതിക്കു കീഴിലും ഉൾപ്പെട്ടിരിക്കുന്ന ഗാർഹിക-ഗാർഹികേതര കണക്ഷനുകളുടെ വിവരം മുതലായ അടിസ്ഥാന വിവരങ്ങൾ ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികളുടെ പരിപാലനം സംബന്ധിച്ച മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഫിഷറീസ് മേഖലയിൽ ഏറ്റെടുത്ത പദ്ധതികൾ നടപ്പിലാക്കിയില്ല

സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020/ തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തൻവർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റ് പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രൊജക്റ്റ് നം-212/20-21

പ്രൊജക്റ്റിന്റെ പേര്- വീട്ട് വളപ്പിലെ കുളത്തിൽ മത്സ്യ കൃഷി

അടങ്കൽ - 2,95,200(ധനകാര്യ കമ്മീഷൻ അവാർഡ്)+1,47,600(സംസ്ഥാനാവിഷ്കൃത ഫണ്ട്)+6,64,200(മറ്റുള്ളവ)

ആകെ - 11,07,000

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(4/11-4-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-22 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അംഗനവാടികളുടെ എണ്ണം | 23 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 17 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 6 |
| 4 | കെട്ടിടത്തിന്റെ തരം | |
| | കോൺക്രീറ്റ് | 17 |
| | ഓടിട്ടത് | 0 |
| | ഷീറ്റിട്ടത് | 0 |
| 5 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 5 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | 2 |
| 7 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 0 |
| 8 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 0 |
| 9 | വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതീകരിക്കാത്തത് | 0 |
| 10 | ധാന്യസംഭരണി ഇല്ലാത്തവ | 0 |
| 11 | കളിപ്പാട്ടങ്ങൾ ഇല്ലാത്തവ | 0 |
| 12 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവ | 0 |
| 13 | ടോയ് ലെറ്റ് ഇല്ലാത്തവ<br>ബേബി ഫ്രന്റ്ലി<br>ടോയ്‌ലെറ്റ് ഇല്ലാത്തവ | 0 |
| 14 | ഫാൻ ഇല്ലാത്തവ | 0 |
| 15 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 0 |

2020-2021 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് എെ.സി.ഡി.എസ്.ന കീഴിലുള്ള പദ്ധതികൾക്കായി 5,86,975/- രൂപ കേന്ദ്ര വിഹിതം ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2/ത.സ്വ.ഭ.വ തിയതി 3-9-2010 പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. കേന്ദ്ര വിഹിതത്തിലെ നീക്കിയിരിപ്പിൽ നിന്നുള്ള തുക ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. (ഓഡിറ്റ് അന്വേഷണം-6, 13-4-22)

1-23 അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 84/21 |
| പ്രൊജക്റ്റിന്റെ പേര് | അങ്കണവാടി പോഷകാഹാരം, ജനറൽ |
| അടങ്കൽ | 20,00,000 (5,07,760പൊതുവിഭാഗം) +14,92,240(കേന്ദ്രാവിഷ്കൃതം)) |
| ചെലവ് | 19,99,491 ((5,07,251(പൊതുവിഭാഗം) +14,92,240(കേന്ദ്രാവിഷ്കൃതം)) |
| ബിൽ നം, തീയതി | 1(4,081,23, 1-6-20), 2(99,128, 25-6-20) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ ജി.എസ്.ടി കൗൺസിൽ തീരുമാനം നം-28, കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാരം(ജനറൽ) എന്നീ പ്രോജക്റ്റ് പ്രകാരം അമൃത ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, കുത്തനൂർ എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കാതിരുന്നതിന് വിശദീകരണം നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(8, 13-4-22) മറുപടിയായി സ്ഥാപനം ജി.എസ്.ടി അടവാക്കിയിട്ടുണ്ടെന്ന് അറിയിക്കുകയും അടവാക്കിയതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടുമുണ്ട്. ടി.ഡി.എസ് നടത്താതിരിക്കുകയും റിട്ടേൺ ഫയൽ ചെയ്യാതിരിക്കുകയും ചെയ്താൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ലൈഫ് മിഷൻ- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

വി ഇ ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവനനിർമ്മാണ പദ്ധതി(88/21), ലൈഫ് ഭവനനിർമ്മാണ പദ്ധതി(101/21, എസ് സിപി) എന്നിവയുടെ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായും മുഴുവൻ തുക കൈപ്പറ്റിയിട്ടില്ലാത്തതായും കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | അവസാന ഗഡു കൈപ്പറ്റിയ | നൽകിയ തുക |
|---|---|---|---|---|

| | | | തീയതി | |
|---|---|---|---|---|
| 1 | ബേബി.എം.എം, W/o പ്രശാന്ത്, മുല്ലക്കര, ലക്ഷം വീട്, ചെറുകുളം | 17-3-20 | 22-12-20 | 3,60,000 |
| 2 | ഷമീറ, W/o മുസ്തഫ കുന്നത്ത് പറമ്പ്, പുളിനെല്ലി, കോട്ടായി | 26-7-18 | 11-7-19 | 2,60,000 |
| 3 | പ്രീജ.കെ, W/o ശശികുമാർ, വറോട് | 17-3-20 | 17-3-20 | 40,000 |

സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാർ പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാതിരിക്കാനുള്ള കാരണവും നിലവിലെ സ്ഥിതിയും അറിയിക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ക്രമ നം-1, 2 എന്നിവരുടെ ഭവനനിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും നിലവിലെ സ്റ്റേജുകൾ പൂർത്തിയാകുന്ന മുറക്ക് ബാക്കി തുകകൾ അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം 3 പ്രീജ.കെ, W/o ശശികുമാർ, വറോട് എന്നിവരുടെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും ഭിരണ സമിതിയുടെ നിർദ്ദേശ പ്രകാരം റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം- 16, 25-4-22)തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-25 ശുചിമുറി റിപ്പയർ- തുക തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം. | 2020-21 |
| പ്രൊജക്റ്റിന്റെ പേര് | ശുചിമുറി റിപ്പയർ |
| അടങ്കൽ | 2,77,200 |
| ചെലവ് | 2,17,840 |
| ബിൽ നം, തീയതി | 24, 30-3-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വിഇഒ |

ഒരു ഗുണഭോക്താവിന് ഗ്രാമപഞ്ചായത്ത് വിഹിതമായി 4,240/- രൂപയും ശുചിത്വ മിഷൻ പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് വിഹിതമായി 5,000/- രൂപയും അടക്കം 9,240 രൂപ ശുചിമുറി റിപ്പയറിനായി നൽകുന്നതാണ് പദ്ധതി. മേൽ പദ്ധതി പ്രകാരം രാജൻ, ചുണ്ടപറമ്പിൽ, ചെറുകുളം, കോട്ടായി എന്ന ഗുണഭോക്താവിന് 5,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് ബാക്കി തുകയായ 4,240/- രൂപ നൽകുകയോ ടിയാൻ ശുചിമുറി അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുള്ളതായോ കാണുന്നില്ല.. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(17, 25-4-22) മറുപടിയായി ടിയാൻ നാളിതു വരെയായി പണി പൂർത്തിയാക്കിയിട്ടില്ലെന്നും തുക തിരിച്ചടക്കാൻ നിർദ്ദേശം നൽകിയിട്ടും നാളിതു വരെയായി തുക തിരിച്ചടച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. തുക തിരിച്ചടവാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 മൃഗ സംരക്ഷണമേഖലയിൽ പദ്ധതികൾ നടപ്പിലാകുന്നില്ല

കോട്ടായി ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ച് ഉപജീവനം

നടത്തുന്നവരാണ്. വളർത്ത് മൃഗങ്ങളെ വളർത്തുന്നതും കോഴികളെ വളർത്തുന്നതും ക്രമാതീതമായി കുറഞ്ഞുവരുന്നു. മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ മേഖലയിൽ അനുകൂല സാഹചര്യമാണ് കോട്ടായി പഞ്ചായത്തിൽ നിലവിലുള്ളത്. പാൽസംഭരണത്തിനായി പഞ്ചായത്തിൽ 3 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നു.(വികസന രേഖ). ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ മൃഗ സംരക്ഷണമേഖലയിൽ യാതൊരു വിധ പദ്ധതികളും നിർവ്വഹണം നടത്തുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. 2019-20 ൽ എബിസി പ്രോഗ്രാം മാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്. തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിനും ജന്തുജന്യരോഗങ്ങൾ ഫലപ്രദമായി തടയുന്നതിനുമുള്ള മേൽ പദ്ധതി പാലക്കാട് ജില്ലാപഞ്ചായത്താണ് നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കോട്ടായി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 2,51,900/- രൂപ ജില്ലാ പഞ്ചായത്തിലേക്ക്(ട്രെഷറി അക്കൗണ്ട് നം-799011400002200) കൈമാറിയിട്ടുണ്ട്. മറ്റ് പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല. മൃഗസംരക്ഷണ വർക്കിങ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൻ പ്രകാരം കറവപ്പശുക്കൾക്കുള്ള കാലിത്തീറ്റ വിതരണം, തൊഴുത്ത് നവീകരണ പദ്ധതി, കന്നുകുട്ടിപരിപാലന പദ്ധതി, മുട്ടക്കോഴി വളർത്തൽ, മരുന്ന് വാങ്ങൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തുക വകയിരുത്തുവാൻ നിർദ്ദേശം ഉണ്ടായെങ്കിലും പദ്ധതിനിർവ്വഹണം ഏറ്റെടുത്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(7, 13-4-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തികവർഷത്തിൽ അസി. എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ281 രൂപ ഈടാക്കേണ്ടിതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 5578 രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗിച്ച ബിറ്റുമിന്റെ ബാരൽ അളവ് | SS1 (182kg/barrel) | RS1 (200kg/barrel) | S-65/vg30 (156kg/barrel) |
|---|---|---|---|

| ക്രമ നം. | പ്രവൃത്തി യുടെ പേര് | കരാറുകാരന്റെ പേര്, എം. ബുക്ക് നം. | ഫൈനൽ ബിൽ തുക, ചെലവിന്റെ വിവരം | ഉപയോഗിച്ച ബിറ്റുമിന്റെ തരം, അളവ് (In Kg) | കാലി ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട ബാരൽ വില (@281/-) (238+18% GST) |
|---|---|---|---|---|---|---|
| 1 | 77/21, മുല്ലരി ത്തൊടി റോഡ് | സുരേഷ്. എം.ബി, 140/19-20 | 267590 (26/ 23.2.21 /II) MG- Road | VG30- 1419.80 | 9.10 | 2748 |
| | | | | RS1-135 | 0.68 | |

| | | | | | | |
|---|---|---|---|---|---|---|
| | മെയിന്റനൻസ് | | | | | |
| | | | | ആകെ | 9.78 | |
| 2 | 30/21, കോട്ടായി ബൈപാസ് റോഡ് റീടാറിംഗ് | സുരേഷ്. എം.ബി, 33/19-20 | 4875000 (28/ 26.2.21/II) MG-Road | VG30-1452.09 | 9.31 | 2830 |
| | | | | RS1-151.88 | 0.76 | |
| | | | | ആകെ | 10.07 | |

ഫൈനൽ ബിൽ നല്കുന്ന വേളയിൽ ബാരലുകളുടെ വില കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. 2 പ്രവൃത്തികൾക്കായി ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/25.04.2022) മറുപടിയായി ഫയൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആകയാൽ പ്രവൃത്തികൾക്കായി ഉപയോഗിച്ച ബാരലുകളുടെ വില 5578 രൂപ കരാറുകാരിൽ നിന്നും ഈടാക്കി അതത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ബില്ലുകൾ തയ്യാറാക്കുന്നതിൽ എഞ്ചിനിയറിംഗ് വിഭാഗം കുറേക്കൂടി ജാഗ്രത പുലർത്തിയാൽ ഇത്തരം അപാകതകൾ ഒഴിവാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 12.4.2022 മുതൽ 21.4.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 431086 | 88/21, ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ) | 420000 | 11086 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 500000 | 101/21, ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ് സി പി) | 500000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 220000 | 101/21, ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ് സി പി) | 220000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1200000 | 227/21, ലൈഫ് ഭവന പദ്ധതി (എസ് സി ഡി ഒ പട്ടികജാതി) | 520000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 176500 | 82/21, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 176500 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | 141/21, ക്ഷീര കർഷകർക്ക് | 100000 | - |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് സബ്സിഡി (സ്പിൽ ഓവർ) | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | 150/21, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (സ്പിൽ ഓവർ) എസ് സി പി | 200000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 50000 | 216/21, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- എസ് സി പി | 50000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1177290 | 80/21, നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 1177290 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2032000 | 80/21, നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 2032000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 42642 | 91/21, നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി- എസ് സി പി | 42642 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 115000 | 91/21, നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി- എസ് സി പി | 115000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2026816 | 132/21, നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി- ജനറൽ | 2026816 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 67200 | 135/21, നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി- എസ് സി പി | 67200 | - |

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ കൃത്യമായ വരവ്-ചെലവ് കണക്കുകളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ വാർഷിക ധനകാര്യ പത്രികയിലും വരവ്-ചെലവ് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്ടുകളുടെ തുക ചെലവഴിക്കുകയോ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 134/21, തെരുവ് വിളക്ക് ലൈൻ വലിക്കൽ | 13/ 11-06-2020 | 1286586 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1100000രൂപ വരവുണ്ട്. മുൻബാക്കി ഒന്നുമില്ല. 1100000 രൂപയിൽ 1000000 രൂപ വിനിയോഗിച്ചിട്ടുണ്ട്. ബാക്കി 100000തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC | - | 1100000 | 15248824 | 1536824 | | 14812000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഒന്നുമില്ല

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| മുന്നിരിപ്പ് | 9324382 |
| ഓഡിറ്റ് വർഷത്തെ വരവ് | 94919535 |
| ആകെ | 104243917 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 92410692 |
| നീക്കിയിരിപ്പ് | 11833225 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5578 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 5578 | ശ്രീമതി.സുമ.എ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നമില്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 18197 (പിഴ) | ശ്രീമതി.സുമ.എ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുമ.എ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കോട്ടായി ഗ്രാമപഞ്ചായത്ത് | ഓരത്തുകുടി ഹൗസ്, ടിൻകോൾ.പി.ഒ, പെരുമ്പാവൂർ-683548, എറണാകുളം ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | LF.P7/1024 /99/3-6-2000 | 4 | പുനരഭിപ്രായം |
| 1997-98 | LFP12/415/02/ 15.5.02 | 5 | ഹെഡ്ഡാഫീസ് കത്തിനുള്ളമറുപടി |
| 1998-99 | LFP12/943 /01/15.10.01 | 6 | ഫർദർറിമാർക്സ് |
| 1999-2000 | LFP12/640/01 /16.1.02 | 5 | ഓഡിറ്റ് റിപ്പോർട്ട് |
| 2000-01 | LFP8/679 /05/16.5.06 | 5 | ഫർദർ റിമാർക്സ് |
| 2001-02പ്ലാൻ | LFP8/598 /05/14.5.06 | 3 | ഫർദർ റിമാർക്സ് |
| 2001-2002 വരവ്-ചെലവ് | LFP8/598 /05/5.8.06 | 6 | ഫർദർ റിമാർക്സ് |
| 2002- 03 | LFP15/528/06/ 15.9.2006 | 6 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LFP15/655/08/ 20.8.2009 | 11 | ഫർദർ റിമാർക്സ് |
| 2004-05 | LFP15/748/11/7.6.11 | 1 | ഫർദർ റിമാർക്സ് |
| 2005-06 | LFP15/1124 /11/5.9.11 | 3 | ശുദ്ധിപത്രം |
| 2006-07 | LFP15/1864 /11/5.1.12 | 5 | ഫർദർറിമാർക്സ് |
| 2007-08 | LFP15/398 /15/4.5.15 | 6 | ശ്രീ.സുബ്രഹ്മണ്യൻ, സെക്രട്ടറിയെ |

| | | | |
|---|---|---|---|
| | | | നേരിൽ കേട്ടത്-കത്ത്. |
| 2008-09, 09-10, 10-11 | LFP15/602 /12/6.6.15 | 15 | ഖ - 3(6), 3(10) എന്നിവ ഒഴിവാക്കിയത് സംബന്ധിച്ച് |
| 2011-12 | LFP11/1701/13/ 31.10.2013 | 11 | ഫർദർ റിമാർക്സ് |
| 2012-13 | KSA-PKD15/1025/15/ 17-9-2015 | 9 | ഫർദർ റിമാർക്സ് |
| 2013-14 2014-15 | KSA-PKD15/957/16 29.6.16 | 4 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA-PKD15/19/2017 29.12.17 | 1 | പുനരഭിപ്രായം |
| 2016-17 | KSA-PKD15/1173 /2017/6.03.18 | 2 | പുനരഭിപ്രായം |
| 2017-18 | KSA-PKD15/160 /2019/01.03.2019. | 6 | പുനരഭിപ്രായം |
| 2018-19 | | 3 | പുനരഭിപ്രായം |
| 2019-20 | | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക ധനകാര്യപത്രിക- സംക്ഷിപ്തം

Kottayi Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Head Account | Schedule No. | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| | Bank | RP-40(a) | 9324382.00 |
| | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1045390.00 |
| 130000000 | Rental income from Panchaym Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 608334.00 |
| 150000000 | Sale & Hire Charges | RP-5 | 276788.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 73385731.00 |
| 171000000 | Interest Earned | RP-9 | 223198.00 |
| 320000000 | (Grants, Funds & Contributlons for Specific Purposes | RP-31 | 12390870.00 |
| 350000000 | Other Liabilities | RP-36 | 158625.00 |
| | Non-Operating | | |
| 180000000 | Other Income | RP-10 | 15355.00 |
| 330000000 | Secured Loans | RP-32 | 1100000.00 |
| 340000000 | Deposits Received | RP-34 | 326627.00 |
| 350000000 | Other Liabilities | RP-36 | 21 1003.00 |
| 410000000 | Fixed Assets | RP-38 | 4612-00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3029359.00 |
| 460000000 | Loans, Advances and Deposits | RP-47 | 2143643.00 |
| | Grand total | | 104243917.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2734546.00 |
| 220000000 | Adrninislrati ve Expenses | RP-12 | 956334.00 |
| 230000000 | Operations & 1v1alnlenance | RP-1 3 | 7131424.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10075173.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27582644.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 7568414.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | R P-18 | 3084217.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of transferred institutions and State-Sponsored Schemes | RP-19 | 23201 67.00 |
| 255000000 | Maintenance Projects | RP-20 | 12585696.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 993576.00 |
| 320000000 | Grants. Funds & Contributions for Specific Purposes | RP-31 | 149900.00 |
| 350000000 | Other Liabilities | RP-36 | 4494677.00 |
| | Non-Operating | | |
| 240000000 | Interest & Finances Charges | RP-14 | 685695.00 |
| 340000000 | Deposits Received | RP-34 | 254140.00 |
| 350000000 | Other Liabilities | RP-36 | 2425145.00 |
| 410000000 | Fixed Assets | RP-38 | 7576251.00 |
| 412000000 | Capital work in Progress | RP-40 | 348158.00 |
| 460000000 | Loans, Advances and Deposits | RP-47 | 1444535.00 |
| | Closing Balance | | |
| | Bank | RP-40(b) | 11827217.00 |
| | Cash | RP-40(b) | 6008.00 |
| | Grand Total | | 104243917.00 |

ഡെപ്യൂട്ടി ഡയറക്ടർ

Kottayi Grama Panchayat INCOME & EXPENDITURE STATEMENT
For the period from 01-April-2020 to 31-March-2021

| Code No. | Head Account | Schedule No. | Amount |
|---|---|---|---|
| | | | INCOME |
| 110000000 | Tax Revenue | I-1 | 3672825.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 58720.00 |
| 140000000 | Fee & User Charges | I-4(b) | 1724222.00 |
| 150000000 | Sale & Hire Charges | I-5(b) | 276788.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 162521889.00 |
| 171000000 | Interest Earned | I-8 | 223198.00 |
| 180000000 | Other Income | I-9 | 15355.00 |
| | | Total Income | 168492997.00 |
| | | | EXPENDITURE |
| 210000000 | Establislm1ent Expenses | I-10(b) | 10345482.00 |
| 220000000 | i\dministrative Expenses | I-11(b) | 956334.00 |
| 230000000 | Operations & Maintenance | I-12(b) | 7131424.00 |
| 240000000 | Interest & Finance Charges | I-13 | 685695.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Progran1n1e-Productive Sector / Programme Expenses | I-14 | 10319139.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(aJ | 59902730.00 |
| 252000000 | Decentralised Plan Programme-Infrastrncmre Sector | I-14(b) | 7324448.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3084217 .00 |
| 254000000 | Expenditures of transferred Institution and State-Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 53917367.00 |
| 255000000 | Maintenance Projects | I-14(e) | 12585696.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 993576.00 |
| 272000000 | Depreciation | I- I7(a) | 6955931.00 |
| | Total Expenditure | | 174202039.00 |
| | Gross Surplus/ Deficit of income over Expenditure | | -5709042.00 |
| 280000000 | Prior Period Items | I-18 | -75077.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -5633965.00 |
| 290000000 | Transfer to Reserve Funds | I- I8(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

Kottayi Grama Panchayat

BALANCE SHEET

For the period from 01-April-2020 to 31- March-2021

| Code.No | Head Account | Schedule No. | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 23841 181.30 |
| 312000000 | Reserves | B-3 | 53180911.00 |
| | Total Reserve & Surplus | | 77022092.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants. Funds & Contribution for | B-4 | 6986250.00 |

| | | | |
|---|---|---|---|
| | Specific Purposes | | |
| | Total Grants, Contribotions for Specific Purposes | | 6986250.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 14812000.00 |
| | Total Loans | | 14812000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 501307.00 |
| 350000000 | Other Liabilities | B-9 | 1158061.20 |
| | Total Current Liabilities and Provisions | | 1659368.20 |
| | TOTAL LIABILITIES | | 100479710.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 86733260.00 |
| 411000000 | Accumulated Depreciation | B-11 | -15530522.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 71202738.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-1 5 | 3067530.50 |
| 432000000 | Accumulated Provisions Against Deblors (Receivables) | B- l 5(a) | -9661 82.00 |
| 440000000 | Pre-paid Expenses | B-16 | 14812000.00 |
| 450000000 | Cash and Bank Bahmce | B-17 | 1 1833225.00 |
| 460000000 | Loans, Advances and Deposits | B-18 | 530399.00 |
| | Total Current Assets, l,oans and "'\dvances | | -966182.00 |
| | Total Current Assets, Loans and Advances | | 30243154.50 |

| | | |
|---|---|---|
| | TOTAL ASSETS | 100479710.50 |

ഡെപ്യൂട്ടി ഡയറക്ടർ